LITERATURE

# കുഞ്ചൻനമ്പ്യാർ: വ്യത്യസ്ത സാഹിത്യചരിത്രഗ്രന്ഥങ്ങളിലെ അടയാളപ്പെടുത്തലുകൾ

**ഡോ. വിശാൽ ജോൺസൺ**
അസി. പ്രൊഫസർ,
മലയാളവിഭാഗം,
യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ.
ഇ.മെയിൽ: vishaljohnson@uccollege.edu.in

**സംഗ്രഹം**

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാളകവികളിൽ ഏറ്റവും ജനപ്രീതി നേടിയ കുഞ്ചൻനമ്പ്യാരെ വ്യത്യസ്ത സാഹിത്യചരിത്രഗ്രന്ഥങ്ങളിൽ എപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നു എന്ന അന്വേഷണമാണ് ഈ പഠനത്തിലൂടെ നിർവഹിക്കുന്നത്. ആധുനിക മലയാളസാഹിത്യം, കൈരളിയുടെ കഥ, മലയാള സാഹിത്യചരിത്രസംഗ്രഹം, മലയാള കവിതാസാഹിത്യചരിത്രം, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കേരള സാഹിത്യചരിത്രം, രാജാങ്കണം എന്നീ ഏഴ് ഗ്രന്ഥങ്ങളാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

**താക്കോൽവാക്കുകൾ:** സാഹിത്യചരിത്രം- വൈജ്ഞാനികസാഹിത്യം- ആധുനികത- തുള്ളൽ- ദൃശ്യകല

## ആമുഖം

ഇന്നിൽ നിന്നുകൊണ്ട് ഇന്നലെയെ അപഗ്രഥിക്കുകയും നാളെയെ നിർമിക്കുകയുമാണ് ഓരോ ചരിത്രസൃഷ്ടിയും ചെയ്യുന്നത്. പഴമയുടെ ഊർജത്തെ, അംശത്തെ ഉൾക്കൊണ്ടു മാത്രമേ നമുക്ക് പുതുമയെ കണ്ടെത്താനാവൂ. ചരിത്രം ഒന്നിനെ ഇല്ലാതാക്കിക്കൊണ്ട് പുതിയ


ISSN: 2582 - 2594

ഒന്നിനെ രൂപപ്പെടുത്തുകയല്ല, മറിച്ച് ഇത് അനുസ്യൂതിയുടെ ഭാഗമായി രൂപാന്തരപ്പെടുകയാണ ചെയ്യുന്നത്. പിൽക്കാല രചനകൾക്ക് ചരിത്രബോധം ആവശ്യമാണ്. നിരൂപണാത്മകമായ സമീപനം സാഹിത്യചരിത്രപ്രക്രിയയിൽ ചെലുത്തിയില്ലെങ്കിൽ അത് വെറുമൊരു രേഖപ്പെടുത്തൽ, കാറ്റലോഗ് മാത്രമായിരിക്കും. സാഹിത്യചരിത്രം എന്നത് കേവലമായ സാഹിത്യകൃതികളുടെ ക്രോഡീകരണമല്ല, മറിച്ച് സൗന്ദര്യബോധത്തിന്റെയും യുക്തിബോധത്തിന്റെയും അടിസ്ഥാനത്തിലുള്ള അപഗ്രഥനാത്മകമായ സമീപനമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്ത് രേഖപ്പെടുത്തി എന്നല്ല, എന്തുകൊണ്ട് ഇങ്ങനെ രേഖപ്പെടുത്തി എന്നാണ് സാഹിത്യചരിത്രവിജ്ഞാനീയത്തിലൂടെ നാം കണ്ടെത്തേണ്ടത്.

### കുഞ്ചൻനമ്പ്യാർ: വ്യത്യസ്ത സാഹിത്യചരിത്രഗ്രന്ഥങ്ങളിലൂടെ

പി.കെ.പരമേശ്വരൻ നായരുടെ 'ആധുനിക മലയാളസാഹിത്യ'ത്തിൽ നാലാം അധ്യായമായ 'കുഞ്ചൻനമ്പ്യാർ ജനകീയ കവി' എന്ന ഭാഗത്താണ് കുഞ്ചൻ നമ്പ്യാരെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിക്കുന്നത്. ഇവിടെ വ്യക്തിത്വകാലഘട്ടരീതിയാണ് അവലംബിച്ചിരിക്കുന്നത്.

രാമപുരത്തുവാരിയരുടെ സമകാലികനായിരുന്ന നമ്പ്യാരെന്നും രാമപുരത്തുവാര്യർ വൈക്കത്ത് വെച്ച് മഹാരാജാവിന് വഞ്ചിപ്പാട്ട് കേൾപ്പിച്ചപ്പോൾ ആ വഞ്ചിയിൽ നമ്പ്യാരുമുണ്ടായിരുന്നെന്നും അതിനുശേഷം നമ്പ്യാർ എഴുതിയതാണ് പ്രശസ്തമായ കിരാതം വഞ്ചിപ്പാട്ടെന്നും ചരിത്രകാരൻ പറയുന്നു. ഇതിനു തെളിവായി അദ്ദേഹം നിരത്തുന്നത് ഭാഷാചരിത്രകർത്താവ് ഗോവിന്ദപ്പിള്ളയുടെ അഭിപ്രായമാണ്. എന്തെന്നാൽ കൊല്ലവർഷം 880-ാമാണ്ടിടയ്ക്കാണ് നമ്പ്യാരുടെ ജനനമെന്ന ഗോവിന്ദപ്പിള്ളയുടെ അനുമാനത്തോട് പരമേശ്വരൻ നായർ യോജിക്കുന്നു. 929-ാം ആണ്ടിൽ വഞ്ചിപ്പാട്ടുകളുടെ രാജ്യമായ അമ്പലപ്പുഴ രാജധാനിയിൽ വാര്യർ വരികയും തിരുവനന്തപുരം രാജധാനിയിൽ താമസമാക്കുകയും അക്കാലത്ത് പിറവിയെടുത്തതാണ് നമ്പ്യാരുടെ പ്രശസ്ത കൃതികളിലേറെയും എന്നു ഗ്രന്ഥത്തിൽ പ്രസ്താവിച്ചു കാണുന്നു. പിന്നീട് രാമപുരത്തുവാര്യരെയും നമ്പ്യാരെയും ചരിത്രകാരൻ താരതമ്യത്തിന് വിധേയമാക്കുന്നു. വാര്യരിൽ, എളിയവരോടുള്ള അനുകമ്പ വ്യക്തിനിഷ്ഠമായ രീതിയിൽ പ്രകടിതമാകുന്നുവെന്നും, നമ്പ്യാരിൽ അത് സാമൂഹികമായ നിലപാടിലൂടെയും ആണെന്ന വസ്തുതകൾ അദ്ദേഹം നിരത്തുന്നു.

നമ്പ്യാരുടെ സാമൂഹ്യവിമർശനസ്വഭാവമാണ് അദ്ദേഹത്തെ പൗരസ്ത്യ സാഹിത്യത്തിൽ പൊതുവേ തന്നെ അപൂർവമായ ഒരു മണ്ഡലത്തിൽ ഉയർത്തിനിർത്തുന്നതെന്നും, ആ സരണിയിൽ വ്യാപരിച്ച കവികൾ നന്നേ ചുരുക്കമാണെന്നും ചരിത്രകർത്താവ് വ്യക്തമാക്കുന്നു. രാജാധിപത്യത്തിന്റേയും പ്രഭുജന പ്രാമാണ്യത്തിന്റെയും സർവാതിശായിയായ സ്വാധീനശക്തിയായിരുന്നിരിക്കണം അതിന്റെ മുഖ്യകാരണങ്ങൾ. രാജാവിനോടുള്ള ഭക്തിയിലും അനുസരണയിലും കവിഞ്ഞുള്ള കർത്തവ്യം പ്രജകൾക്കില്ലായിരുന്നു. നമ്പ്യാർ സാഹിത്യരംഗത്തു പ്രവേശിച്ചതു കേരളത്തിൽ ഫ്യൂഡലിസം ശീഘ്രഗതിയിൽ അധഃപതിച്ചുവന്ന ഒരു കാലത്തായിരുന്നു. അല്പരാജാക്കന്മാരും ഇടപ്രഭുക്കന്മാരും തമ്മിൽ നടന്ന പല സമരങ്ങളും അദ്ദേഹം കണ്ടു. സേനാബലമുള്ള ഒരു രാജാവ് മറ്റുള്ളവരെ കീഴടക്കുന്നതും അടുത്ത നിമിഷത്തിൽ കൂടുതൽ

സൈനികശക്തിയുള്ള മറ്റൊരാൾ അയാളെത്തന്നെ ഗ്രസിക്കുന്നതും അദ്ദേഹം പലപ്പോഴും ദർശിച്ചു. ഈ അധികാരമോഹത്തിന്റെയും ക്രൂരതകളുടെയും ഇടയ്ക്ക് ചതികളും വഞ്ചനകളും നടമാടി. പ്രഭുക്കന്മാരുടെ താളക്രമങ്ങൾ അനുസരിച്ചു ജനങ്ങളും തുള്ളി. സാമൂഹ്യകലാപങ്ങളും സാന്മാർഗികമായ അധഃപതനവും അവരെയും ബാധിച്ചു. നമ്പ്യാർ കണ്ട സമുദായസ്ഥിതി ഏതാണ്ട് ഇത്തരത്തിലുള്ളതായിരുന്നു. ചുറ്റും കണ്ട സാമൂഹ്യസ്ഥിതി കണ്ടില്ലെന്നു നടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പ്രഭുക്കന്മാരുടെ സാന്മാർഗികമായ അധഃപതനത്തിൽ നമ്പ്യാർ വികാരതരളിതനായി. പരിഹാസസ്ഫോരകമായ വിധത്തിൽ അവയെ ചിത്രീകരിച്ചു. രൂക്ഷമായി വിമർശിച്ചു. നിരക്ഷരരായ ജനസാമാന്യത്തെ കവിതയിലൂടെ ബോധവാന്മാരും സംസ്കാരസമ്പന്നരുമാക്കാൻ ഉദ്യമിച്ചു. ഇതരകവികളിൽനിന്നു നമ്പ്യാർക്കുള്ള പ്രത്യേകത ഇതാണെന്ന് ചരിത്രകർത്താവ് ചൂണ്ടിക്കാണിക്കുന്നു.

പരിഹാസത്തിനു വിഷയമായ വിഭാഗക്കാർക്കുപോലും വിപ്രതിപത്തി തോന്നാത്ത വിധത്തിലായിരുന്നു നമ്പ്യാരുടെ വിമർശനത്തിന്റെ പോക്ക്. ഫലിതമില്ലാത്ത പരിഹാസം പരുഷമാകും. എത്ര രൂക്ഷമായ പരിഹാസവും ഫലിതത്തിൽ പൊതിഞ്ഞാൽ ഹൃദ്യമാകും. അന്നത്തെ ചാക്യാന്മാരുടെ പ്രഭാഷണങ്ങൾക്കുമാത്രം കഴിഞ്ഞിരുന്ന ഈ സാമൂഹ്യസാംസ്കാരിക ചികിത്സാക്രമം നമ്പ്യാർക്കല്ലാതെ മറ്റൊരു കവിക്കും ഇത്ര സമർത്ഥമായി കവിതയിൽ പ്രയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നുതന്നെ പറയാം. മലയാളത്തിലെ ആദ്യത്തെ ജനകീയ കവിയായി ചരിത്രകർത്താവ് നമ്പ്യാരെ പരിഗണിച്ചിരിക്കുന്നു. ജനങ്ങൾക്കുവേണ്ടി അവകാശവാദം നടത്തുന്ന കവി എന്ന അർത്ഥത്തിലല്ല മറിച്ച്, സാമാന്യജനങ്ങൾക്കു വായിക്കാനും മനസ്സിലാക്കാനും, കണ്ടും കേട്ടും രസിക്കാനും പര്യാപ്തമായരീതിയിൽ അവരുടെ താൽപ്പര്യങ്ങൾ കുറെയെങ്കിലും പ്രതിഫലിക്കുമാറ് കവിതയെഴുതിയ കവിയായിരുന്നു എന്നേ ഇവിടെ വിവക്ഷയുള്ളൂ.

മണിപ്രവാളകാവ്യങ്ങളും ആട്ടക്കഥകളും കിളിപ്പാട്ടുകളും സഹൃദയരുടെ ഇടയ്ക്ക് എത്രതന്നെ സ്വാധീനം ചെലുത്തിവന്നെങ്കിലും സാമാന്യജനങ്ങൾക്ക് ആ പ്രസ്ഥാനങ്ങൾക്കൊണ്ടുള്ള പ്രയോജനം തുച്ഛമാണെന്ന നമ്പ്യാരുടെ തോന്നലാണ് 'ഭടജനങ്ങൾക്ക്' ഉതകിയ തുള്ളൽപ്രസ്ഥാനത്തിന്റെ ഉദയമെന്നും ഭാഷയുടെ സാമാന്യതകൊണ്ടും മറ്റു പലപ്രകാരത്തിലും ഇത് വേറിട്ടുനിൽക്കുന്നുവെന്നും, നമ്പ്യാർ അതു മനഃപൂർവ്വം തെരഞ്ഞെടുത്തതാണെന്നും ചരിത്രകർത്താവ് വിലയിരുത്തുന്നു. അക്കാലത്തു തകഴി, അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിൽ പടയണി, വേലകളി മുതലായവ ധാരാളം പാടിവന്ന ചില ശീലുകളുടെ മട്ടിലാണ് നമ്പ്യാരുടെ ഓട്ടൻ, ശീതങ്കൻ മുതലായ വൃത്തങ്ങൾ. നമ്പ്യാർ തന്റെ കവിതയുടെ വൃത്തങ്ങൾ തെരഞ്ഞെടുത്തതും ജനസാമാന്യത്തിന്റെ ചെവിക്ക് ഇമ്പം നൽകണമെന്ന സ്പഷ്ടമായ ഉദ്ദേശ്യത്തെ മുൻനിർത്തിയാണ്.

പ്രതിപാദ്യത്തിലെ ജനകീയതയും നമ്പ്യാർകൃതികളുടെ സവിശേഷതകളാണ്. പുരാണകഥാപാത്രങ്ങളെ സ്വന്തം കാലത്തെ കേരളീയ കഥാപാത്രങ്ങളായി അദ്ദേഹം രൂപാന്തരപ്പെടുത്തി. കഥകൾ നടക്കുന്ന പൗരാണികഭാരതത്തിലെ നാട്ടിൻപുറങ്ങളേയും നഗരങ്ങളേയും അമ്പലപ്പുഴയും തിരുവനന്തപുരവുമാക്കി മാറ്റി. ഉർവശിമേനകമാർ സംസാരിക്കുന്നതു ചെമ്പകശ്ശേരി നഗരത്തിലെ സൗന്ദര്യധാമങ്ങളായ നങ്ങേലിയും ഉണ്ണൂലിയും മറ്റും സംസാരിക്കുന്ന

 ISSN: 2582 - 2594

തുപോലെയായിരിക്കും. നമ്പ്യാർ വർണിക്കുന്ന ഘോഷയാത്രകൾ, വിവാഹാഘോഷങ്ങൾ, സദ്യമേളങ്ങൾ, യുദ്ധങ്ങൾ, കാര്യാലോചനകൾ എന്നുവേണ്ട സകലതുംതന്നെ അന്നത്തെ കേരളീയജനത കണ്ടതും അനുഭവിച്ചതും മാത്രമാണ്. ചുരുക്കത്തിൽ അന്നത്തെ ജനസമൂഹത്തിന്റെ ജീവിതരീതികളിൽനിന്ന് അടർത്തിയെടുത്ത സാമൂഹ്യചിത്രങ്ങൾ മാത്രമേ തുള്ളലിലൂടെ നമ്പ്യാർ അവതരിപ്പിച്ചുള്ളൂ.

അതോടൊപ്പംതന്നെ കുഞ്ചൻ നമ്പ്യാരെ ആധുനികദൃഷ്ടിയിലൂടെ വിലയിരുത്തുവാനും ചരിത്രകർത്താവ് ശ്രദ്ധിച്ചിരിക്കുന്നു. കവിതയിലൂടെയുള്ള സാമൂഹ്യവിമർശനമാണ് നമ്പ്യാരെ പഴയകവികളുടെ കൂട്ടത്തിൽനിന്ന് ആധുനികരുടെ കൂട്ടത്തിലേക്ക് മാറ്റി നിർത്തപ്പെടാൻ കാരണം. പക്ഷെ, അതേ സ്വഭാവവിശേഷം കൊണ്ടുതന്നെയാണ് ഉന്നതശൃംഗങ്ങളിൽനിന്ന് അദ്ദേഹം ഒരുപടി താഴ്ന്ന നിൽക്കുന്നതും. ഭാവനയുടെ ഔന്നത്യത്തിൽ കൃഷ്ണഗാഥാ കർത്താവിനോടോ കണ്ണശ്ശപണിക്കർമാരോടോ എഴുത്തച്ഛനോടോ തുല്യനല്ല നമ്പ്യാർ. കവിതയേക്കാൾ മനോധർമ്മമാണ് അദ്ദേഹത്തിൽ മുന്നിട്ടുനിൽക്കുന്നത്. ഇതിനു കാരണമായി ചരിത്രകാരൻ എടുത്തുകാണിക്കുന്നത് ജീവിതചിത്രകാരനേക്കാൾ ജീവിതവിമർശകനായിരുന്നു നമ്പ്യാർ എന്നാണ്. കവിത നമ്പ്യാർക്ക് യാഥാർത്ഥ്യങ്ങളുടെ വിമർശമാകയാലാണ് അങ്ങനെ വന്നത്. പിന്നെ സാമാന്യർക്കു വേണ്ടിയുള്ള സാഹിത്യം എപ്പോഴും ഉന്നതശ്രേണികളിൽ ഉയർന്നു നിൽക്കുകയെന്നതു സാധ്യവുമല്ല. അദ്ദേഹത്തിന്റെ കവിത ആസ്വദിക്കാൻ കഴിയുന്നവരുടെ മണ്ഡലം വിശാലമാണ്. കൂടാതെ പരിഭാഷയ്ക്ക് വഴങ്ങുന്നവയല്ല നമ്പ്യാരുടെ മിക്ക ഈരടികളും. ഉദാഹരണമായി, “കണ്ണിണകൊണ്ടു കടുകു വറക്കുന്ന പെണ്ണിനെ കണ്ടാൽ അടങ്ങുമോ പുരുഷൻ?” എന്നതാണ് ചരിത്രകർത്താവ് ചൂണ്ടിക്കാണിക്കുന്നത്.

കൃഷ്ണപിള്ളയുടെ 'കൈരളിയുടെ കഥ'യിൽ കവിത ചാട്ടവാറാക്കിയ പടയണിക്കവിയായാണ് നമ്പ്യാരെ വിശേഷിപ്പിച്ചിരിക്കുന്നത്. മലഞ്ചരിവുകളിൽക്കൂടി ഇരമ്പിക്കുതിച്ചു പുളച്ചുപായുന്ന കാട്ടാറുപോലെ, ഇടതടവില്ലാതെ അടിച്ചുയരുന്ന തിരമാലകൾ പോലെ, ആകാശത്തിൽ നിന്നു അനധ്യായമില്ലാതെ ചൊരിയുന്ന പേമാരിപോലെ തുള്ളിക്കളിച്ചു തള്ളിപ്പരക്കുന്ന ആ സരസ്വതീപ്രവാഹം ഏതു മഹാശൈലത്തിൽ നിന്നാണ് പൊട്ടിപ്പുറപ്പെട്ടത്? എന്നിങ്ങനെ ചോദ്യങ്ങളുടെ ശൈലിയിൽ ചരിത്രകർത്താവ് ഉന്നയിക്കുകയും ഉത്തരമായി കുഞ്ചൻനമ്പ്യാർ എന്നു പറയുകയും ചെയ്യുന്നു.

'നമ്പ്യാർ കണ്ട കേരളവും കണ്ട വിധവും' എന്ന ഭാഗത്ത് നമ്പ്യാർ ജീവിച്ച രീതിയും, രാജാക്കന്മാരുടെ കൂടെയുള്ള സഹവാസവുമാണ് നമ്പ്യാരെ ഫലിതപരിഹാസരീതിയിലുള്ള സാമൂഹികവിമർശകനായി മാറ്റിയതെന്നു അദ്ദേഹം രേഖപ്പെടുത്തുന്നു. നമ്പ്യാരെ ഒരു പ്രസ്ഥാനസ്രഷ്ടാവായി കണക്കാക്കുന്നു. അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിൽ ഉണ്ടായിരുന്ന പടയണിതുള്ളൽ എന്ന പ്രാകൃതകലാരൂപത്തെ പരിഷ്കരിച്ചാണ് തുള്ളൽ എന്ന ദൃശ്യകലയും അതിനുവേണ്ടുന്ന സാഹിത്യവും അദ്ദേഹം സൃഷ്ടിച്ചതെന്നു പറയുന്നു. കൂടാതെ തുള്ളലിന്റെ വൃത്തത്തെപ്പറ്റിയും ചരിത്രകാരൻ പ്രതിപാദിക്കുന്നു. തമിഴിലെ ചെപ്പൽ, അകവൽ, തുള്ളൽ, തുങ്കൽ എന്നു നാലുമാതിരി പാട്ടുകളിൽ അംഗവിക്ഷേപത്തോടുകൂടി പാടുന്ന തുള്ളൽ എന്ന ഇനം കലിവിരുത്തമെന്ന വൃത്തത്തിലാണ് രചിക്കപ്പെട്ടിരുന്നതെന്നും അത് ഓട്ടൻതുള്ളലിലെ തരംഗിണി വൃത്തത്തിൽനിന്നു ഭിന്നമല്ലെന്നും അദ്ദേഹം പറയുന്നു. നമ്പ്യാർക്കവിതയുടെ ചില

സ്വഭാവങ്ങളേയും, ന്യൂനതകളേയും ചരിത്രകാരൻ എടുത്തുകാട്ടുന്നു. ഫലിതപ്രവാഹത്തിനിടയ്ക്കും സരസസംഭാഷണങ്ങളിലും ഉള്ളിൽപ്പതിയുന്ന ലോകതത്വങ്ങൾ നമ്പ്യാരുടെ മേന്മയായും, പ്രണയം, ശോകം തുടങ്ങിയ മൃദുലഭാവങ്ങൾ വർണിക്കാൻ അദ്ദേഹം സമർത്ഥനല്ലെന്നും, ഒരു കടുരസപ്രിയനാണ് നമ്പ്യാരെന്നും ചരിത്രകാരൻ കണ്ടെത്തുന്നു.

പി. ശങ്കരൻനമ്പ്യാരുടെ 'മലയാള സാഹിത്യചരിത്രസംഗ്രഹം' ഭാഷയുടെ ഉത്പത്തി, പ്രാചീന മലയാളകാലം, മധ്യമലയാളകാലം, ആധുനിക മലയാളകാലം (തുടർച്ച), ഉപസംഹാരം എന്നിങ്ങനെ ആറദ്ധ്യായങ്ങളിലായി ഭാഷയുടെ ഉത്പത്തി മുതൽ ആംഗലേയ സാഹിത്യം സ്വാധീനം ചെലുത്തിത്തുടങ്ങിയ ആധുനികകാലഘട്ടം വരെയുള്ള മലയാള ഭാഷാസാഹിത്യത്തിന്റെ ചരിത്രം പ്രതിപാദിക്കുന്ന കൃതിയാണ്. നാലാം അദ്ധ്യായമായ 'ആധുനിക മലയാളകാല'ത്തിലെ തുള്ളൽ എന്ന ഭാഗത്താണ് നമ്പ്യാരെപ്പറ്റി പരാമർശമുള്ളത്.

മറ്റു സാഹിത്യചരിത്രകാരന്മാരിൽനിന്നു വ്യത്യസ്തമായ ഒരു രചനാരീതി നമുക്ക് ഈ ഗ്രന്ഥത്തിൽ കാണാം. തുള്ളൽ എന്ന പ്രസ്ഥാനത്തിന്റെ ഉത്ഭവത്തിനു പിന്നിലുള്ള ഐതിഹ്യവും, ഒരു തുള്ളൽക്കാരന്റെ വേഷത്തെക്കുറിച്ചും, അതിനുപയോഗിക്കുന്ന വാദ്യങ്ങളെക്കുറിച്ചും ശങ്കരൻനമ്പ്യാർ പ്രതിപാദിക്കുന്നു.

നമ്പ്യാരുടെ വാസം അധികവും തിരുവിതാംകൂറിലായിരുന്നു. ആദ്യം ചെമ്പകശ്ശേരി അല്ലെങ്കിൽ അമ്പലപ്പുഴ രാജാവിനെ ആശ്രയിച്ചു കുറെക്കാലം അവിടെ കഴിച്ചു കൂട്ടുകയുണ്ടായി. അതിനു തെളിവായി ചരിത്രകാരൻ 'കല്ല്യാണസൗഗന്ധിക'ത്തിന്റെ പ്രാരംഭത്തിൽ കുഞ്ചൻനമ്പ്യാർ പറഞ്ഞ വരികളാണ് നിരത്തുന്നത്.

> "ചെമ്പകനാട്ടിന്നലങ്കാരഭൂതനാം
> തമ്പുരാൻ ദേവനാരായണസ്വാമിയും
> കമ്പം കളഞ്ഞെന്നെ രക്ഷിച്ചു കൊള്ളണം!"

പഞ്ചേന്ദ്രോപാഖ്യാനം, ഹനുമദുൽപത്തി, പൗണ്ഡ്രകവധം, ഹരിണീസ്വയംവരം, കൃഷ്ണലീല എന്നീ തുള്ളലുകളിൽനിന്ന് നമ്പ്യാർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സേവകനായിരുന്നുവെന്നും, 933-ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് തീപ്പെട്ടതിനുശേഷം ഭാഗിനേയനും പ്രസിദ്ധനുമായ കാർത്തികതിരുനാൾ രാമരാജാവിനെ ആശ്രയിച്ചു കൂടിയെന്നു 'ഹരിശ്ചന്ദ്രചരിത'ത്തിൽനിന്നും, 'നൃഗമോക്ഷ'ത്തിൽനിന്നും ചരിത്രകാരൻ അനുമാനിക്കുന്നു.

കുഞ്ചൻനമ്പ്യാർ വിദ്വാന്മാരുടെ കവിയല്ല, മറിച്ച് സാധാരണക്കാരുടെ കവിയാണ്. പിന്നീട് നമ്പ്യാർകൃതിയിലെ സവിശേഷതകൾ; ലളിതപദങ്ങളുടെ ഉപയോഗം, ഭാഷയുടെ ലാളിത്യം, ഫലിതരസം, ഹാസ്യപരാക്ഷേപം, തത്വചിന്തകൾ എന്നിവയാണെന്നു ചരിത്രകാരൻ കണ്ടെത്തുന്നു. ആംഗലേയ സാഹിത്യത്തിലെ 'പോപ്പ്' എന്ന കവിയെ ഓർമ്മപ്പെടുത്തുന്ന കവിയാണ് കുഞ്ചൻനമ്പ്യാർ എന്നും അദ്ദേഹം രേഖപ്പെടുത്തുന്നു. ഒരു പക്ഷെ, ചരിത്രകാരനായ നമ്പ്യാർക്ക് മറ്റൊരു നമ്പ്യാരോടുള്ള മമതയായിരിക്കാം ഇത്തരം അർത്ഥങ്ങൾ കൽപ്പിക്കേണ്ടി വന്നതിന്റെ സാംഗത്യം.

എം. ലീലാവതിയുടെ 'മലയാളകവിതാസാഹിത്യചരിത്ര'ത്തിൽ 'അനുപമമായ ഒരു നൃത്തകാവ്യപ്രസ്ഥാനം- തുള്ളൽ' എന്ന ഏഴാം അദ്ധ്യായത്തിലാണ് നമ്പ്യാരെപ്പറ്റി ചർച്ചചെയ്തിട്ടു


ISSN: 2582 - 2594

ള്ളത്. നൃത്തം, നൃത്യം, നാട്യം തുടങ്ങിയ അഭിനയവിഭാഗങ്ങളിൽ 'തുള്ളൽ' നൃത്തവിഭാഗത്തിലാണ് ഉൾപ്പെടുന്നതെന്നും കേരളത്തിൽ പടയണിക്ക് തുള്ളൽ പതിവുണ്ടായിരുന്നുവെന്നും നമ്പ്യാരുടെ രുഗ്മിണി സ്വയംവരത്തിൽനിന്നും ഉദാഹരണസഹിതം ലീലാവതി വ്യക്തമാക്കുന്നു.

പണ്ടൊരു പടയണികാണ്മാനെന്നെ-
ക്കൊണ്ടു പുറപ്പെട്ടാ നീ വിദ്വാൻ..

ഡോ. എസ്.കെ. നായരുടെ 'സംസ്കാരകേദാര'ത്തിൽ കണിയാന്മാരുടെ കോലം തുള്ളൽ ഓട്ടൻതുള്ളലിന്റെ ജനകരൂപമായിരിക്കണം എന്നു അനുമാനിക്കുന്നുണ്ട്. പതിഞ്ഞ മട്ടിലുള്ള ശീലാണ് പറയൻതുള്ളലിൽ. അതിനേക്കാൾ മുറുകിയുള്ള മധ്യഗതി ശീതങ്കൻതുള്ളലിൽ. ഏറ്റവും മുറുകിയ താളം ഓട്ടൻതുള്ളലിൽ. ആ നിലയ്ക്ക് വേഗത തന്നെയായിരിക്കണം പദനിഷ്പത്തിക്കടിസ്ഥാനം. തുള്ളൽ വൃത്തങ്ങളെപ്പറ്റിയും ചരിത്രകാരി രേഖപ്പെടുത്തുന്നുണ്ട്. കാകളിയും കളകാഞ്ചിയും കൃശമദ്ധ്യയുമാണ് ശീതങ്കൻ തുള്ളലിൽ. ഓട്ടൻതുള്ളലിൽ തരംഗിണിയാണ് പ്രധാനം. അർദ്ധകേക, സ്വാഗത, സുമംഗല, ഹംസപ്ലുതം മുതലായ ചില വൃത്തങ്ങൾക്കുപുറമെ ചിലപ്പോൾ വക്ത്രവും ഓട്ടൻതുള്ളലിൽ കാണും. ഓട്ടൻതുള്ളലിന്റെയും പറയൻതുള്ളലിന്റെയും ശീതങ്കൻതുള്ളലിന്റെയും തുള്ളൽക്കാരന്റെ വേഷവിധാനത്തെപ്പറ്റിയും, താളമേളങ്ങളെപ്പറ്റിയും, ഗാനമാതൃകകളെപ്പറ്റിയും ചരിത്രകാരി ഗഹനമായി ചിന്തിച്ച് കണ്ടെത്തിയിട്ടുണ്ട്.

സാധാരണജനങ്ങളുടെ ഇടയിൽ പ്രചാരമുണ്ടായിരുന്ന കലാമാതൃകകളെ സംസ്കരിച്ച് പുതിയ തുള്ളൽ രൂപപ്പെടുത്തുന്നതിൽ ചാക്യാർകൂത്തിന്റെ പ്രേരണാശക്തി പ്രവർത്തിച്ചിട്ടുണ്ട്. അഭിനയശൈലി, സമൂഹവിമർശനം, ഫലിതാത്മകമായ കഥാഖ്യാനം, ഇതിഹാസപുരാണാദികളിൽനിന്നുള്ള ഇതിവൃത്തങ്ങളുടെ പ്രപഞ്ചനം, സന്ദർഭോചിതമായ സംസ്കൃത ശ്ലോകങ്ങൾ ചൊല്ലി അർത്ഥപരാവർത്തനം ചെയ്യൽ - എന്നിവയെല്ലാം ചാക്യാർകൂത്തിൽനിന്നും കുട്ടിച്ചേർത്തതാണെന്ന് ലീലാവതി രേഖപ്പെടുത്തുന്നു.

നമ്പ്യാർകൃതികളുടെ സവിശേഷതകളെപ്പറ്റിയും, അദ്ദേഹം തെരഞ്ഞെടുത്ത കഥാപാത്രങ്ങളുടെ ഫലിതരസപ്രാധാന്യത്തെപ്പറ്റിയും സാമൂഹികബോധത്തെപ്പറ്റിയും ചരിത്രകാരി വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഉദാഹരണങ്ങളുടെ ധാരാളിത്തം ഈ ഗ്രന്ഥത്തിന്റെ മറ്റൊരു സവിശേഷതയാണ്. അമ്പലപ്പുഴ ദേവനാരായണ രാജാവ് അവിടെ തുള്ളൽ നിരോധിച്ചു എന്നൊരു കഥയുണ്ട്. അമ്പലത്തിൽ കൂത്ത് നടക്കേണ്ടത് ആവശ്യമാകയാലും തുള്ളൽ അവിടെ നടത്തുന്നത് അതിനു പ്രതിബന്ധമാകയാലും അങ്ങനെ കല്പിച്ചെന്നു വരാം. ചാക്യാരോടുള്ള വിശേഷ പ്രതിപത്തികൊണ്ടോ നമ്പ്യാരോടുള്ള വിപ്രവത്തികൊണ്ടോ ആവണമെന്നില്ല. അങ്ങനെയായിരുന്നെങ്കിൽ ആ നാട്ടിൽതന്നെ അതു കാണാൻ പാടില്ലെന്നായിരിക്കുമല്ലോ വിധിക്കുക എന്നാണ് ചരിത്രകാരിയുടെ അഭിമതം.

നമ്പ്യാരുടെ പേരിനെച്ചൊല്ലിയുള്ള പണ്ഡിതരുടെ അഭിപ്രായവും ചരിത്രകാരി തന്റെ ഗ്രന്ഥത്തിൽ ഉൾച്ചേർത്തിരിക്കുന്നു. പഴഞ്ചൊല്ലുകൾ പലതും തുള്ളലുകളിലെ വരികളിലൂടെയാണ് ഓർക്കുന്നതെന്നും, ജനഹൃദയത്തിൽ നമ്പ്യാർക്കൊരുക്കിയ സിംഹാസനത്തിൽ കയറിയിരിക്കാൻ മുമ്പോ പിമ്പോ ആർക്കും കഴിഞ്ഞിട്ടില്ലെന്നും, തൊട്ടുതാഴെ സ്ഥാനം ചങ്ങമ്പുഴയ്ക്കാണെന്നും, 'ചോരയിൽ ചേർന്നലിഞ്ഞു പോം ഗാനധാര'കളായിരുന്നു രണ്ടുപേരുടേയും മുഖ്യസിദ്ധിയെന്നും ചരിത്രകാരി രേഖപ്പെടുത്തുന്നു. മറ്റു ചരിത്രകാരന്മാരിൽനിന്നും വ്യത്യസ്തമായി വളരെ

ആഴത്തിൽ ലീലാവതി നമ്പ്യാരെ നോക്കിക്കണ്ടിരിക്കുന്നു.

എരുമേലി പരമേശ്വരൻ പിള്ളയുടെ 'മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ', മലയാള സാഹിത്യത്തിന്റെ ആരംഭം മുതൽ വർത്തമാനകാലം വരെയുള്ള ചരിത്രപരമായ വികാസപരിണാമങ്ങൾ അനുക്രമം അപഗ്രഥിച്ച് വിശദമാക്കുന്ന സമഗ്രമായ ഗ്രന്ഥമാണ്.

പത്താം അദ്ധ്യായമായ 'കുഞ്ചൻനമ്പ്യാർ: തുള്ളൽസാഹിത്യം' എന്നതിലാണ് നമ്പ്യാരെ പരാമർശിച്ചിരിക്കുന്നത്. തുള്ളൽക്കവിതകൾ കൈരളിയുടെ പൊട്ടിച്ചിരിയാണെന്നാണ് ചരിത്രകാരൻ വിശേഷിപ്പിച്ചിരിക്കുന്നത്. നമ്പ്യാരുടെ ജീവചരിത്രത്തെപ്പറ്റി മറ്റു ചരിത്രകാരന്മാരുടെ അനുമാനം തന്നെയാണ് ഇദ്ദേഹത്തിനുമുള്ളതും.

'കലാരൂപത്തിൽ നവീനത' എന്ന ഭാഗത്ത് തുള്ളലിന്റെ പിരിവുകളെപ്പറ്റിയും, തുള്ളൽകലാകാരന്റെ വേഷവിധാനങ്ങളെപ്പറ്റിയും, തുള്ളൽവൃത്തങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നു. കേരളത്തിലെ ചില ആദിമനിവാസികളുടെ ജാതിനാമം സൂചിപ്പിച്ചാണ് നമ്പ്യാർ തുള്ളലുകൾക്ക് നാമകരണം ചെയ്തതെന്ന എ.ഡി.ഹരിശർമ്മ (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - തുള്ളൽ) യുടെ അഭിപ്രായത്തോട് ചരിത്രകാരൻ യോജിക്കുന്നു.

നമ്പ്യാരുടെ കാവ്യവീക്ഷണമാണ് ജനകീയ കവിതയുടെ ഉദയത്തിനു വിത്തുപാകിയതെന്ന് ചരിത്രകാരൻ അഭിപ്രായപ്പെടുന്നു. കേരളീയത, മാനവികത, നാട്ടറിവിന്റെ മൂല്യബോധം എന്നിവ നമ്പ്യാർകൃതികളിൽ മുറ്റിനിൽക്കുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. നമ്പ്യാർക്കുശേഷമുള്ള തുള്ളൽ പ്രസ്ഥാനത്തെക്കുറിച്ച് വളരെ സംക്ഷിപ്തമായി രേഖപ്പെടുത്താൻ ചരിത്രകാരൻ ശ്രമിച്ചിരിക്കുന്നു.

ഉള്ളൂരിന്റെ 'കേരളസാഹിത്യചരിത്രം മൂന്നാം വാല്യ'ത്തിൽ മുപ്പത്തി എട്ടാം അദ്ധ്യായത്തിൽ കുഞ്ചൻനമ്പ്യാരെപ്പറ്റി വളരെ ഗഹനമായി വിലയിരുത്തുന്നു. രാമപാണിവാദനും കുഞ്ചൻ നമ്പ്യാരും ഒരാൾ തന്നെയാണെന്നാണ് ഉള്ളൂരിന്റെ പക്ഷം. ആദ്യമേതന്നെ ചരിത്രകാരൻ കുഞ്ചൻ നമ്പ്യാരെപ്പറ്റിയുള്ള തിരുവിതാംകൂറിലുള്ള രേഖകളെപ്പറ്റി വ്യക്തമാക്കുന്നു. തിരുവനന്തപുരത്തു ശ്രീ. പത്മനാഭസ്വാമിക്ഷേത്രത്തിലെ ചില പഴയ ഓലക്കണക്കുകളിൽ കുഞ്ചൻ നമ്പ്യാരുടെ പേര് പ്രകടമായി പ്രസ്താവിച്ചു കാണുന്നുണ്ടെന്നും നമ്പ്യാർക്കു കിട്ടിയ അംഗീകാരങ്ങളെയും ഉപഹാരങ്ങളെയുംപ്പറ്റി വളരെ വിശദമായി പ്രതിപാദിക്കുന്നു. ഒരു രേഖയിൽ കവിയുടെ പേർ മങ്ങലത്തു കുഞ്ചൻനമ്പ്യാർ എന്നും കലക്കത്തു കുഞ്ചൻനമ്പ്യാർ എന്നും കാണിച്ചിട്ടുണ്ട്.

വിഷ്ണുവിലാസം കാവ്യം, സീതാരാഘവം നാടകം എന്നിവയുടെ കർത്താവായ രാമപാണിവാദനും നമ്പ്യാരും ഒരാൾ തന്നെയാണെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇതു ശരിയല്ലെന്നാണ് മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായം. രാമപാണിവാദനെയും നമ്പ്യാരെയും രണ്ടു കവികളായി കരുതുന്നതാകും യുക്തിസഹം എന്ന 'മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ' എന്ന സാഹിത്യചരിത്രഗ്രന്ഥത്തിൽ എരുമേലി പരമേശ്വരൻ പിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നിങ്ങോട്ട് നമ്പ്യാരുടെ ഓരോ കൃതികളെപ്പറ്റിയും പ്രത്യേകം എടുത്ത് ഉദാഹരണങ്ങൾ സഹിതം ഉള്ളൂർ വിലയിരുത്തുന്നു.

നമ്പ്യാർകൃതികളിലെ പ്രതിപാദനരീതി, പരിഹാസധോരണി, കേരളീയത എന്നിവ അതിന്റെ മേന്മകളാണെന്നും നമ്പ്യാർ തുള്ളൽക്കഥകളിൽ രസചക്രവർത്തിയായ ശൃംഗാര

ത്തെ ഒരിടത്തും സഹൃദയസമ്മതമായ രീതിയിൽ സ്പർശിച്ചിട്ടില്ല എന്ന ന്യൂനതയും ഉള്ളൂർ കണ്ടെത്തുന്നു. ഗ്രീസിലെ അരിസ്റ്റോഫെനീസ്, റോമിലെ ജ്യൂവനൻ, ഫ്രാൻസിലെ മോളിയർ തുടങ്ങിയ പാശ്ചാത്യന്മാരായ ഹാസസാഹിത്യകാരന്മാരോട് നമ്പ്യാരെ താരതമ്യപ്പെടുത്താമെന്നും ഉള്ളൂർ വ്യക്തമാക്കുന്നു. ഭാഷാകവിമധ്യത്തിൽ നമ്പ്യാർക്കുള്ള സ്ഥാനം വിശിഷ്ടമാണെന്നും ഉള്ളൂർ അവകാശപ്പെടുന്നു.

തുള്ളലുകളുടെ നാമങ്ങൾ ശീലുകളുമായി ബന്ധപ്പെടുത്തിയാണ് ഉള്ളൂർ ചിന്തിക്കുന്നതെങ്കിലും പുലയരുടെയിടയിൽ പ്രചാരമുള്ള ഒരു പേരാണ് അതെന്നും, ശീതങ്കശബ്ദം പുലയജാതിയെയാണ് കുറിക്കുന്നതെന്നും, പടയണിക്ക് പുലയൻ അവതരിപ്പിച്ചിരുന്ന തുള്ളലാണ് ശീതങ്കൻ തുള്ളലെന്നും ഡോ. എസ്.കെ. നായർ പറയുന്നതാണ് കൂടുതൽ സ്വീകാര്യമെന്ന് മലയാള കവിതാ സാഹിത്യചരിത്രത്തിൽ എം. ലീലാവതി അഭിപ്രായപ്പെടുന്നു.

കുട്ടികൃഷ്ണമാരാരുടെ 'രാജാങ്കണം' എന്ന ഉപന്യാസഗ്രന്ഥത്തിൽ 'നമ്മുടെ സംസ്കാരലോപം' എന്ന അദ്ധ്യായത്തിൽ ഹാസ്യസാഹിത്യത്തിൽ രസിച്ചു രസിച്ചു തന്മയീഭവിച്ചതുകൊണ്ടു നമ്മുടെ സംസ്കാരം എത്രമേൽ അധഃപതിച്ചുപോയി എന്നോർത്ത് മാരാർ വ്യസനിക്കുകയാണ്. കുഞ്ചൻനമ്പ്യാരുടെ ശീതങ്കൻ തുള്ളലിലെ ഭീമൻ പറയുന്ന വരികൾ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു.

"നോക്കെടാ, നമ്മുടെ മാർഗ്ഗേ കിടക്കുന്ന മർക്കടാ, നീയങ്ങു മാറിക്കിടാ ശഠാ!"

കുറെക്കഴിഞ്ഞ് വാനരൻ ആദ്യം കുറെ താണു പറഞ്ഞുനോക്കി; എന്നിട്ടും ആ തെമ്മാടിത്തം പറയുന്ന 'നാട്ടിൽ പ്രഭു'വിന്റെ നാവടങ്ങിയില്ല. അപ്പോൾ ആ കുരങ്ങനും ഉരൽപ്പുരപ്പെണ്ണുങ്ങളെപ്പോലെ പുലഭ്യവും പുലയാട്ടും പുലമ്പുകയായി:

"പാഞ്ചാലിയെന്നൊരു പെണ്ണിനെക്കണ്ടിട്ടു
പഞ്ചബാണാർത്തി പിടിപെട്ടഹോ, നിങ്ങ-
ളഞ്ചുപേരും ചെന്നു കൈയ്യു പിടിച്ചുകൊ-
ണ്ടഞ്ചാതെ വേളി കഴിച്ചെന്നു കേട്ടു ഞാൻ"

മാരാർ പറയുന്നത്, വിദ്യാവയോവൃദ്ധനും തപസ്വിയുമായ ഒരു മഹാത്മാവ് തന്റെ ഒരിളയ വീരഭ്രാതാവിനെ ആദ്യമായി കാണുമ്പോൾ പറയുന്ന വാക്കുകളാണിവ എന്നാണ്. ഈ ശകാരമൊക്കെ കേട്ടിട്ടുമുണ്ടോ, ആ വായാടിപ്പൊണ്ണൻ വായടയ്ക്കുവാൻ ഭാവം! അയാൾ പിന്നെയും നാണമില്ലാതെ നിന്നു മേനി പറയുകയാണ്. മാരാർ സമ്മതിക്കുന്നു കുഞ്ചൻ നമ്പ്യാരുടേതു ഹാസ്യസാഹിത്യമാണെന്ന്. പച്ചപ്പാമരന്മാരും പഠിച്ച പാമരന്മാരുൾപ്പെട്ട തന്റെ സദസ്യരെ തെരുതെരെ കിക്കിളിപ്പെടുത്തി വിടുകമാത്രമാണ് നമ്പ്യാരുടെ ലക്ഷ്യമെന്നും അതിൽ കവിഞ്ഞൊന്നും അദ്ദേഹം ഉദ്ദേശിച്ചിട്ടില്ലെന്നും മാരാർ വ്യക്തമാക്കുന്നു.

**ഉപസംഹാരം**

ഓരോ സാഹിത്യചരിത്രങ്ങൾക്കു പിന്നിലും ഓരോ ലക്ഷ്യങ്ങളുണ്ട്. കുഞ്ചൻ നമ്പ്യാരുടെ ജന്മദേശത്തെപ്പറ്റി ആർക്കും അഭിപ്രായഭിന്നതയില്ല. എന്നാൽ നാമവുമായി ബന്ധപ്പെട്ട് ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണ്. ഓരോ സാഹിത്യചരിത്രകാരന്മാരും തൂലിക ചലി

പ്പിക്കുമ്പോൾ ചിലത് വിട്ടുപോകുന്നു. അടുത്തയാൾ അതിനെ കൂട്ടിച്ചേർക്കുന്നു. നമ്പ്യാരുടെ കാലഘട്ടത്തെപ്പറ്റിയും എല്ലാ പണ്ഡിതരും ഏകാഭിപ്രായക്കാരാണ്. കുട്ടികൃഷ്ണമാരാരുടെ വിമർശനം ഒഴിച്ചാൽ നമ്പ്യാരെ ജനകീയകവിയായി എല്ലാവരും അംഗീകരിക്കുന്നു. നമ്പ്യാർ കൃതികളിലെ സവിശേഷതകളെയും ജനപ്രീതിയെയും നമ്മുടെ സാഹിത്യലോകം വിലപ്പെട്ടതായി കണക്കാക്കുന്നു.

## ആധാരസൂചി


ഉള്ളൂർ, എസ്. പരമേശ്വരയ്യർ. കേരള സാഹിത്യ ചരിത്രം (മൂന്നാം വാല്യം), പ്രസിദ്ധീകരണ വകുപ്പ്, കേരള സർവ്വകലാശാല, തിരുവനന്തപുരം: 1990.

കുട്ടികൃഷ്ണമാരാര്. രാജാങ്കണം, കറന്റ് ബുക്സ്, തൃശ്ശൂർ: 1988.

കൃഷ്ണപിള്ള, എൻ. കൈരളിയുടെ കഥ, ഡി.സി.ബുക്സ്, കോട്ടയം: 2010.

പരമേശ്വരൻ നായർ, പി.കെ. ആധുനിക മലയാളസാഹിത്യം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ: 1954.

പരമേശ്വരൻ പിള്ള, എരുമേലി. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ: 2009.

ലീലാവതി, എം. മലയാള സാഹിത്യചരിത്രസംഗ്രഹം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ: 1992.

ശങ്കരൻ നമ്പ്യാർ, പി. മലയാള സാഹിത്യചരിത്രസംഗ്രഹം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ: 2001.

ശർമ്മ, വി.എസ്. ഭാരതീയ സാഹിത്യശില്പികൾ, കുഞ്ചൻ നമ്പ്യാർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ: 2018.